# 3. ഇസ്ലാം കാര്യങ്ങൾ

മുകളിൽ വിവരിച്ച ആറ് ആദർശങ്ങളാണ് ഇസ്ലാമിന്റെ വിശ്വാസ പ്രമാണങ്ങൾ. ഇവയുടെ പ്രായോഗിക താൽപര്യങ്ങളാകുന്നു ഇസ്ലാം കാര്യങ്ങൾ എന്നറിയപ്പെടുന്ന അഞ്ചു കർമ പ്രമാണങ്ങൾ. ആദർശ പ്രമാണങ്ങളുടെ അത്രതന്നെ പ്രാധാന്യമുണ്ട് കർമ പ്രമാണങ്ങൾക്കും. കർമപ്രമാണങ്ങളുടെ അഭാവത്തിൽ ആദർശങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നതല്ല. ആദർശങ്ങളുടെ അർഥങ്ങളിൽനിന്നും ആശയങ്ങളിൽനിന്നും അവ വ്യതിചലിപ്പിക്കപ്പെടാനിടയാവുകയും ചെയ്യും. ലോകത്തിലെ ഇതര മതങ്ങളെല്ലാം നേരിടേണ്ടിവന്നിട്ടുള്ള വൈപരീത്യമാണിത്. ഏകദൈവത്വത്തിലും മനുഷ്യ സമത്വത്തിലും അധിഷ്ഠിതമായ പൂർവ മതങ്ങൾ പിന്നീട് ബഹുദൈവത്വത്തിലേക്കും വിഗ്രഹാരാധനയിലേക്കും വംശീയാധിപത്യത്തിലേക്കും വർണ വ്യവസ്ഥയിലേക്കുമെല്ലാം വഴുതി വീണത് കർമപ്രമാണങ്ങൾ നിരാകരിക്കപ്പെട്ടത് മൂലമായിരുന്നു. വിശ്വാസികൾ മതത്തിന്റെ യഥാർഥ കർമപ്രമാണങ്ങളെ നിരാകരിക്കുകയും സ്വേഛാനുസാരം കർമരീതികളാവിഷ്കരിക്കുകയും ചെയ്യുമ്പോൾ പുതിയ കർമരീതികൾക്കനുസൃതമായി ആദർശ പ്രമാണങ്ങൾ ഭേദഗതി ചെയ്യപ്പെടുക സ്വാഭാവികമാണ്. ഈ ആപത്ത് ഒഴിവാക്കുവാൻ, മുസ്ലിംകൾ എക്കാലത്തും അവരുടെ കർമപ്രമാണങ്ങൾ മാറ്റമില്ലാതെ തുടരാൻ അനുശാസിക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമാകുന്ന സൗധത്തിന്റെ പഞ്ചസ്തംഭങ്ങളായിട്ടാണ് അഞ്ചു കർമ പ്രമാണങ്ങൾ വിശേഷിപ്പിക്കപ്പെടുന്നത്. സ്തംഭങ്ങളുടെ അഭാവത്തിൽ സൗധം തകർന്നുവീഴുമെന്നർഥം. ഒന്നര സഹസ്രാബ്ദമായി ഇസ്ലാം കാല-ദേശ-ഭാഷ-വർഗ-വർണ-പ്രാദേശിക പ്രകൃതികളുടെയും സംസ്കാരങ്ങളുടെയും സ്വാധീനത്തിനതീതമായി സ്വയം ഒരാഗോള സംസ്കാര സൗധമായി നിലനില്ക്കുന്നത് ഈ പഞ്ചസ്തംഭങ്ങളിൽ തന്നെയാണ്.

അഞ്ചു കർമപ്രമാണങ്ങൾ ഇവയാണ്: 1. സത്യസാക്ഷ്യ പ്രഖ്യാപനം 2. നമസ്കാരം 3. സകാത് 4. വ്രതാനുഷ്ഠാനം 5. ഹജ്ജ്.